# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

## പ്രവാസികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3541    10.04.2013 ലെ മറുപടിക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. ദിവാകരൻ : | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) പ്രവാസികൾക്ക് സംസ്ഥാനസർക്കാർ മുഖാന്തിരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ; | (എ) | വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുക, വിദേശത്തും അന്യ സംസ്ഥാനങ്ങളിലുമുള്ള മലയാളികൾക്ക് തിരിച്ചറിയൽ രേഖയായി എൻ. ആർ. കെ. ഐ. ഡി കാർഡ്/എൻ. ആർ. കെ. ഇൻഷുറൻസ് കാർഡ് എന്നിവയുടെ വിതരണം, തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള 'ചെയർമാൻ ഫണ്ട്', നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന', വിദേശത്ത് മരണമടയുന്ന പ്രവാസി കേരളീയരുടെ മൃതശരീരം സ്വദേശത്ത് കൊണ്ടു വരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം', വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്നവരെ നാട്ടിലെത്തിക്കുന്ന 'സ്വപ്ന സാഫല്യം', നോർക്കയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിവരം നല്കുന്ന 'കാൾ സെന്റർ' തിരികെയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി എന്നിവയാണ് പ്രവാസികൾക്ക് സംസ്ഥാന |

| | | |
|---|---|---|
| | | സർക്കാർ നോർക്ക വകുപ്പ് മുഖേന നല്കുന്ന പ്രധാന സേവനങ്ങൾ.<br><br>പ്രവാസി മലയാളികൾ വിദേശ രാജ്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിന് കേരള സർക്കാർ നോർക്ക വകുപ്പ് മുഖാന്തിരം സേവനങ്ങൾ നൽകി വരുന്നു. അവർ വിദേശത്തായിരിക്കു മ്പോൾ കുടുംബം നാട്ടിൽ അഭിമുഖീക രിക്കുന്ന പ്രശ്നങ്ങൾക്ക് നോർക്ക വകുപ്പ് വിവിധ വകുപ്പുകൾ മുഖേന പരിഹാരം കണ്ടെത്തുന്നതിനും സഹായം നൽകി വരുന്നു. കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം പെൻഷന് പുറമേ അംഗങ്ങൾക്കായുള്ള വിവാഹ ധനസഹായം, പ്രസവാനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നിവയും ക്ഷേമ നിധിയിൽ അംഗങ്ങളായ പ്രവാസികൾക്ക് അനുവദിക്കുന്നു. |
| (ബി) പ്രവാസികൾ വഴി കേരളത്തിലെത്തുന്ന വരുമാനം എത്രയെന്നു കണക്കാക്കി യിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്രയാണെന്നു വ്യക്തമാ ക്കുമോ? | (ബി) | 2011 ൽ സി.ഡി.എസ് (സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്) നടത്തിയ റിസർച്ച് മോഡൽ പഠന റിപ്പോർട്ടിൽ പ്രവാസികൾ വഴി കേരളത്തിലെത്തുന്നത് പ്രതിവർഷം ഏകദേശം 50,000/- കോടി രൂപയാണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ